## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1324 — 03-12-2015-ൽ മറുപടിക്ക്

### നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി

ചോദ്യം

ശ്രീ.ജി.സുധാകരൻ

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | അമ്പലപ്പുഴ മണ്ഡലത്തിലെ വിവിധ പാടശേഖരങ്ങളിലെ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അമ്പലപ്പുഴ മണ്ഡലത്തിലെ വിവിധ പാടശേഖരങ്ങളിൽ നിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കുന്നുണ്ട്. |
| (ബി) | സിവിൽസപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും പാടശേഖരങ്ങളിൽ നിന്നും നെല്ല് സംഭരിക്കുന്നതിന്റെ മാനദണ്ഡമെന്താണ്എന്ന് വ്യക്തമാക്കുമോ; | (ബി) | നെല്ല് സംഭരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരിൽ നിന്നും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾ അനുസരിച്ചാണ് സപ്ലൈകോ നെല്ല് സംഭരണം നടപ്പിലാക്കുന്നത്.<br><br>അനുവദനീയമായ ഘടകങ്ങളുടെ പരമാവധി പരിധി ബ്രാക്കറ്റിൽ ചുവടെ ചേർക്കുന്നു. ബാഹ്യ വസ്തുക്കൾ ജൈവം (1 %) ബാഹ്യ വസ്തുക്കൾ അജൈവം (1%) കേടായത്, മുളച്ചത്, കീടബാധയേറ്റത്, (4 %) നിറം മറിയത് (1 %) പാകമാകാത്തതും ചുരുങ്ങിയതും (3 %) മറ്റ് ഇനങ്ങളുടെ കലർപ്പ് (6 %) ഈർപ്പം.(17 %) |
| (സി) | ഒരു ക്വിന്റൽ നെല്ലിന് എത്രകിലോ നെല്ല് അധികമായി കർഷകരിൽ നിന്നും പാടശേഖരങ്ങളിൽ നിന്നും സംഭരിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | സപ്ലൈകോ നടപ്പിലാക്കുന്ന നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും അധികമായി ഒന്നും തന്നെ ഈടാക്കുന്നില്ല. |
| (ഡി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന നെല്ല് സംഭരണത്തിന്റെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആരാണ്എന്ന് വ്യക്തമാക്കുമോ; | (ഡി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷക രജിസ്ട്രേഷൻ പാടശേഖരങ്ങളിൽ നിന്നും നെല്ല് ഏറ്റെടുക്കുന്നത് എന്നിവ നിർവ്വഹിക്കുന്നത് അതാത് ജില്ലയിൽ നിയോഗിക്കപ്പെട്ടിട്ടുള്ള പാഡി മാർക്കറ്റിംഗ് ഓഫീസർമാരാണ്. |

| | | | |
|---|---|---|---|
| (ഇ) | സ്വകാര്യ മില്ലുടമകളുമായി ചേർന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ കർഷകരെയും പാടശേഖരങ്ങളെയും ചൂഷണം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കർഷകർ ഉല്പാദിപ്പിച്ച മുഴുവൻ നെല്ലും സംഭരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുവാൻ സപ്ലൈകോ തയ്യാറാണ്. |

Beena

സെക്ഷൻ ഓഫീസർ